# ‘സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളുക’

## കൊലൊസ്സ്യർ 4:5–6

‘‘സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ. ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിന്നു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ.’’

മറ്റുസഭകളോടുള്ള തന്റെ ലേഖനങ്ങളിൽ കാണുന്ന അതേ കാര്യം തന്നെയാണ് പൗലോസ് ഇവിടെയും ആധാരമാക്കിയിരിക്കുന്നത്, ഒരു ദൈവപൈതൽ വിശുദ്ധ ജീവിതം നയിക്കേണ്ടുന്നതിന്റെ അവശ്യകത. നാം ആയിരിക്കുന്ന ഈ ലോകത്തിൽ നമുക്ക് ചുറ്റുമുള്ള രക്ഷിക്കപ്പെടാത്ത വിഭാഗക്കാർ ഓരോ നിമിഷവും നമ്മിൽ നോട്ടം വെച്ചായിരിക്കും ജീവിക്കുക. നാം എന്തു ചെയ്യുന്നു, എന്തു പറയുന്നു എന്നൊക്കെ അവർ കൃത്യമായി മനസ്സിലാക്കി വെയ്ക്കും. കാരണം ഒരു ദൈവപൈതൽ എപ്രകാരമാണ് അവന്റെ ജീവിതം ദൈവത്തോടുചേർന്ന് നിന്നുകൊണ്ട് നയിക്കുന്നതെന്ന് അവർ ശ്രദ്ധിച്ചുകൊണ്ടിരിക്കും. അവിടെ നമ്മുടെ സ്വഭാവവും, സംസാരവും, പ്രവൃത്തിയുമെല്ലാം ദൈവ കൃപയാലും, കരുണയാലും ദൈവത്തോടുള്ള അളവില്ലാത്ത അഭിനിവേശത്തോടും കൂടിയതായിരിക്കണം. അതു കാണുക വഴി അവർക്ക് ഈ രക്ഷകനെ സ്വീകരിക്കുവാനുള്ള ഒരു മനസ്സ് ഉണ്ടായിവരാൻ തക്കവണ്ണം ഇടയാകണം. നമ്മുടെ വാക്കുകളും, ചിന്തകളും, പ്രവൃത്തികളുമെല്ലാം കർത്താവിനെ പകർത്തിക്കാണി ക്കുന്നതിനു തുല്യമായിരിക്കണം. ലഭിക്കുന്ന സമയം മുഴുവനും നാം തക്ക വിധത്തിൽ ഉപയോഗിച്ച് ഈ നല്ല കർത്താവിനെ മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുവാൻ ശ്രമിക്കണം. വഴിയും, സത്യവും, ജീവനുമായവനെ തിരിച്ചറിയാനുള്ള ഒരു മാർഗ്ഗമായി നാം നിലകൊള്ളണം.

ഒന്ന് ചിന്തിച്ചാൽ നാം ഇന്ന് ഈ ദൈവത്തിനു വേണ്ടി സമയം തക്കവിധത്തിൽ ഉപയോഗിക്കുന്നുണ്ടോ? ഇന്നു ഞാനും നിങ്ങളും ആയിരിക്കുന്ന സമൂഹത്തിൽ ഉയർന്നു വരേണ്ടുന്നതായ ഒരു പ്രധാന ചോദ്യമാണിത്. നമ്മിൽ പലരും ഇന്നു ജീവിതത്തിന്റേതായ തിരക്കുകളിൽ പെട്ട് തളർന്ന് ദൈവസന്നിധിയിൽ കടന്നു വരുമ്പോഴേക്കും വെറും കരിമ്പിൻ ചണ്ടി പോലെ ആയിട്ടായിരിക്കും ഇരിക്കുക. ഒരു പ്രയോജനവുമില്ലാത്ത ചില ജീവിതങ്ങളായി നാം മാറ്റപ്പെട്ടു പോകുന്നു. എന്നാൽ ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത്, നമ്മുടെ ജീവിതത്തിൽ അനുനിമിഷം അവനു തക്ക മഹത്വം കൊടുക്കുകയും, അവന്റെ കരങ്ങളിൽ നിന്നാശ്വാസം പ്രാപിക്കുകയും ചെയ്യണം എന്നുള്ളതാണ്. എന്നാൽ

ദൈവഹിതം ആരായുന്നതിനോ അതിനെ അറിയുന്നതിനോ ഒന്നിനും നമുക്ക് സമയം ലഭിക്കുന്നില്ല എന്നതാണ് ഇന്നു വലിയ പരാതിയായി മാറിയിരിക്കുന്നത്. എന്നാൽ ദൈവം, മനുഷ്യനു സമയത്തെ കൊടുത്തപ്പോൾ എല്ലാവർക്കും തുല്യമായി കൊടുത്തു. ആർക്കും കുറഞ്ഞുപോയെന്നോ, കൂടിപ്പോയെന്നോ പറയുവാൻ സാധ്യമല്ല. അതിനാലാണ് ദൈവത്തിന്റെ ആത്മാവ് ഇന്നു പൗലോസിന്റെ കൊലൊസ്യ ലേഖനത്തിലൂടെ നമ്മെ കാണിച്ചു തന്നത്, "സമയം തക്കവിധത്തിൽ ഉപയോഗിക്കുക" എന്ന്.

നിങ്ങളൂടെ വാക്കുകൾ ഉപ്പിനാൽ രുചി വരുത്തിയതായിരിക്കട്ടെ എന്നു ഇവിടെ പറയുന്നു. മത്തായി 5:13 ൽ പറയുന്നു "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു." നമുക്കെല്ലാവർക്കും ഉപ്പ് എന്നു പറയുന്നത് വളരെ ഇഷ്ടമുള്ള ഒരു കാര്യമാണ്. അത് എന്തിനോടൊപ്പം ചേർക്കുന്നുവോ ആ ആഹാര പദാർത്ഥത്തിനു അത് അതിന്റെ രുചിയായി മാറുന്നു. ഇതു പോലെ തന്നെയാണ് നാമും. ഒരു രുചിയുമില്ലാത്ത ഈ ലോകത്തിന്നു ഒരു നറുരുചിയായി മാറുവാൻ തക്കവണ്ണം നാം നിലകൊള്ളണം. തങ്ങൾക്കില്ലാത്ത എന്തോ വലിയ ഒരു പ്രത്യേകത നമ്മുടെ പ്രവൃത്തികളിൽ നിന്നും വാക്കുകളിൽ നിന്നും ഈ ലോകം നമ്മിൽ കണ്ടു മനസ്സിലാക്കണം. എന്നാൽ ഖേദകരമായ ഒരു കാര്യമെന്നു പറയുന്നത് നമ്മിൽ പലരും ഇന്നു ഈ ലോകത്തിന്റെ ഉപ്പല്ലാതായി മാറിക്കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് ഇന്നു കണ്ടുവരുന്നത്.

അപ്രകാരം ലോകത്തിന്റെ ഉപ്പായി, സമയം തക്കവിധത്തിൽ ഉപയോഗിച്ചു കൊണ്ട് ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ തക്കവണ്ണം ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**
എഫെസ്യർ 4:29

കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മീകവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതു.

ബ്രദർ ബിനു ബേബി ആലപ്പുഴ 109